ഈ പരിപാടിയുടെ ഒന്നാംഘട്ടം 2011-ൽ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെയും തെരഞ്ഞെടുത്ത ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിജയകരമായി നടപ്പിലാക്കി. രണ്ടാംഘട്ടം 2014-15 വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിച്ചുകഴിഞ്ഞു. പഠിതാക്കളെ കണ്ടെത്തുക, തുല്യതാ പാഠാവലിയുടെ അടിസ്ഥാനത്തിൽ ക്ലാസുകൾ നടത്തുക, അതോടൊപ്പം അനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പരീക്ഷ നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുക എന്നീ പ്രവർത്തനങ്ങളാണ് മുഖ്യമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണ പദ്ധതി

75 (1130) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകിവരുന്നു.

(ബി) കുട്ടികളെ സ്കൂളുകളിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായാണ് സൗജന്യ യൂണിഫോം വിതരണം ചെയ്തുതുടങ്ങിയത്. സാമൂഹ്യ വൈജാത്യം ഒഴിവാക്കുക, തുല്യത ഉറപ്പുവരുത്തുക, സാമൂഹ്യ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുക എന്നിവയാണ് ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) യൂണിഫോമിനുവേണ്ടി അനുവദിക്കപ്പെട്ടിരിക്കുന്ന തുക എസ്.എസ്.എ.-യുടെ സംസ്ഥാന ഓഫീസിൽ നിന്നും എല്ലാ ജില്ലാ പ്രോജക്ട് ഓഫീസുകളിലേക്കും കൈമാറുകയും ജില്ലകൾ അവ ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ എത്തിക്കുകയും ചെയ്യുന്നു. ബി.ആർ.സി.-കൾ ആവശ്യത്തിനനുസരിച്ച് അദ്ധ്യായന വർഷം ആരംഭിക്കുന്നതിന് മുമ്പോ, ആരംഭിക്കുമ്പോഴോ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി.)-യുടെ അനുമതിയോടെ സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ഗുണമേന്മയുള്ള യൂണിഫോമുകൾ വാങ്ങുന്നതിനുള്ള തുക കൈമാറുന്നു.

(ഡി) 2014-15 വർഷത്തെ സ്കൂൾ യൂണിഫോം നവംബർ 30-നകം വിതരണം പൂർത്തിയാക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം

76 (1131) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം ഉറപ്പ് വരുത്തണമെന്ന ദേശീയ വിദ്യാഭ്യാസ അവകാശ നിയമവ്യവസ്ഥ നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(ബി) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത്തരം കുട്ടികളുടെ പഠനപ്രവേശനത്തിനായി നടത്തിവരുന്ന മത്സരപരീക്ഷകൾ, സ്കൂൾ പ്രവേശനത്തിനു ഈടാക്കുന്ന തലവരി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് മതിയായ സാഹചര്യം സൃഷ്ടിക്കാനുതകുന്ന പ്രസ്തുത വ്യവസ്ഥ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നിയമനിർമ്മാണ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. 2013-14 അദ്ധ്യയന വർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും, 5-ാം ക്ലാസ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി വിഭാഗമെന്നും 8-ാം ക്ലാസ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർനാമകരണം ചെയ്യുവാനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly